I/5806501/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

നമ്പർ. ഡിഎ1/233/2023-തസ്വഭവ 20-07-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ജനറൽ സെക്രട്ടറി,
Kerala Federation of the Blind,
ലോ കോളേജ് ജം., വഞ്ചിയൂർ, തിരുവനന്തപുരം -35

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - ഖണ്ഡിക 7.1.2(ഡി) യുടെ തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പടെയുള്ള കാഴ്ച പരിമിതർ" എന്നു ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. താങ്കളുടെ 20.01.2023 ലെ 558/2022-23-ാം നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.20
4. സ.ഉ.(സാധാ) നം.1396/2023/LSGD; തീയതി 07.07.2023

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാഴ്ചശക്തി ഇല്ലാത്തവർക്ക് ആനുകൂല്യം നൽകുന്ന ഖണ്ഡികയിൽ (ഖണ്ഡിക 7.1.2 -ഡി) കാഴ്ച കുറഞ്ഞവർ എന്നാണ് തലവാചകമായി രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പൂർണ്ണമായും കാഴ്ചശക്തിയില്ലാത്തവർക്ക് ആനുകൂല്യം നൽകാൻ കഴിയുന്നില്ല എന്നും അതിനാൽ മുകളിൽ പ്രതിപാദിച്ച ഖണ്ഡികയിൽ കാഴ്ച കുറഞ്ഞവർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് "പൂർണ്ണമായും കാഴ്ച ഇല്ലാത്തവർ ഉൾപ്പടെയുള്ള കാഴ്ച വൈകല്യമുള്ളവർ" എന്നു ഭേദഗതി ചെയ്യണമെന്നും താങ്കൾ ആവശ്യപ്പെട്ടിരുന്നു.

സൂചന (1) മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.2 (ഡി) യുടെ തലവാചകം "പൂർണ്ണമായും കാഴ്ച ഇല്ലാത്തവർ ഉൾപ്പെടെയുള്ള കാഴ്ച കുറഞ്ഞവർ" എന്നു ഭേദഗതി ചെയ്ത് സൂചന (4) പ്രകാരം ഉത്തരവായിട്ടുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഗോപിക ഉദയൻ കെ എ എസ്

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Viraj K

Date: 20-07-2023 15:45:38

സെക്ഷൻ ഓഫീസർ.